ICDS/B1-13813/18

വനിതാശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :28-7-2018
ഇ-മെയിൽ swdicds@gmail.com
ഫോൺ നമ്പർ 0471-2346534

വനിതാ ശിശു വികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും/
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം: വനിതാശിശു വികസന വകുപ്പ് - മുലയൂട്ടൽ വാരാചരണം ബഹുമാനപ്പെട്ട സ്പെഷ്യൽ സെക്രട്ടറിയുടെ വീഡിയോ കോൺഫറൻസ് മീറ്റിഗ് മിനിട്സ് - സംബന്ധിച്ച്.

സൂചന :

21-7-2018-ന് ബഹുമാനപ്പെട്ട സ്പെഷ്യൽ സെക്രട്ടറി നടത്തിയ വീഡിയോ കോൺഫറൻസ് മീറ്റിഗ് മിനിട്സ് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി

ജികെ/

# 2018-ലെ ലോക മുലയൂട്ടൽ വാരാചരണം സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 21-7-2018-ന് നടന്ന വീഡിയോകോൺഫറൻസിന്റെ മിനിട്സ്

ലോക മുലയൂട്ടൽ വാരാചരണത്തിന്റെ ഭാഗമായി 21-7-2018-ന് നടന്ന വീഡിയോകോൺഫറൻസിൽ ബഹുമാനപ്പെട്ട സ്പെഷ്യൽ സെക്രട്ടറി N.N.M-ന്റെ പ്രവർത്തനത്തെക്കുറിച്ച് വ്യക്തമായ നിർദേശം നൽകി. ആഗസ്റ്റ് 1 മുതൽ 7 വരെ നടക്കുന്ന breast feeding വാരാചരണം സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഈ കാര്യലയത്തിൽ നിന്നും നൽകിയ പരിപത്രത്തിന്മേൽ ചർച്ച നടത്തുകയും ഓരോ ജില്ലയിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെപ്പറ്റിയും, നാളിതുവരെയുള്ള മുന്നൊരുക്കങ്ങളെക്കുറിച്ചും വിശദീകരണം നടത്തി. breast feeding കാര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നിർദേശങ്ങൾ ബഹുമാനപ്പെട്ട സ്പെഷ്യൽ സെക്രട്ടറി നൽകുകയുണ്ടായി.

1. ഇപ്പോൾ സ്ഥലംമാറ്റം ലഭിച്ച ശിശു വികസന പദ്ധതി ഓഫീസർ/സൂപ്പർവൈസർമാരെ ദിനാചരണം നടപ്പിലാക്കുന്നതിൽ തടസ്സമുണ്ടാകാത്ത വിധം വിടുതൽ ചെയ്താൽ മതിയെന്ന് നിർദേശിച്ചു.
2. THRS ഭക്ഷ്യമിശ്രിത ഗുണമേന്മ പരിശോധിക്കുന്നതിനായി ഓരോ ജില്ലയിലും ഒരു ശിശു വികസന പദ്ധതി ഓഫീസർ/സൂപ്പർവൈസർമാർ അടങ്ങുന്ന ഒരു ടീം രൂപീകരിച്ച് അവർക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തി. ഈ ടീം THRS യൂണിറ്റുകൾ സന്ദർശിച്ച് sop പ്രകാരം നിജസ്ഥിതി വിലയിരുത്തേണ്ടതാണ്.
3. അങ്കണവാടിയിലെ ഭക്ഷണ സാധനങ്ങൾ proper ആയി സ്റ്റോറേജ് ചെയ്യാത്തതോ നല്ല ശുചിയായ ഭക്ഷണം ഒരുക്കാത്തതോ ആയ അങ്കണവാടിയിലെ ചുമതലയുള്ള ശിശു വികസന പദ്ധതി ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.
4. അങ്കണവാടിയിൽ കുട്ടികളെ ഉച്ച സമയത്ത് ഉറക്കരുത്. അത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. കുട്ടികളുടെ പ്രകൃതം ചലനാത്മകമാണ്. കുട്ടികൾ ഓടിച്ചാടിക്കളിച്ച് ആർത്തുല്ലസിച്ച് ബുദ്ധിവളർച്ചയുണ്ടാകണം. അതിനായിട്ടുള്ള പ്രവർത്തനം നൽകണം.
5. അങ്കണവാടിയിൽ ഭക്ഷണത്തോടൊപ്പം മുരിങ്ങയില, ചക്ക, പപ്പായ, വാഴപ്പഴം എന്നിവ നല്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കുട്ടികൾക്ക്

വിഷമില്ലാത്ത ഭക്ഷണം നൽകുന്നതിനുള്ള നടപടിയെടുക്കുവാൻ നിർദേശിച്ചു.

6. അങ്കണവാടി കുട്ടികൾക്ക് കളിക്കുന്നതിനായി ഒരു playground ഉണ്ടായിരിക്കണം. കൂടാതെ കുട്ടികൾക്ക് ക്ലാസ്റൂമിൽ ഫിസിക്കൽ ആക്ടിവിറ്റി നൽകുകയും ചെയ്യണം. (ഉദാ. Basketball, dance etc). ഇതിനായി വിദഗ്ദരുടെ ഒരു ശിൽപ്പശാല സംഘടിപ്പിക്കണം.

7. പഞ്ചായത്ത് തലത്തിൽ വനിതാ ശിശു വികസന വകുപ്പിന്റെ 'Service providing Centre' ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇതിന് MLA മാരുടെ ആസ്ഥി വികസന ഫണ്ട് ഉപോയോഗിച്ച് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ മറ്റ് താൽക്കാലിക സൗകര്യം ഒരുക്കുകയോ ചെയ്യണം. ഒരു Advocate, കൗൺസിലർ എന്നിവരുടെ സേവനം ഉൾപ്പെടുത്തേണ്ടതാണ്. വകുപ്പിലെ എല്ലാ സേവനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി ആയത് മാറ്റേണ്ടതാണെന്ന് സെക്രട്ടറി അറിയിച്ചു. ഒരു സ്ത്രീയ്ക്ക് രാത്രിയിൽ തങ്ങുവാനുള്ള സൗകര്യവും അവർക്ക് പോലീസ് സഹായം വേണമെങ്കിൽ അതു നൽകുവാനും തയ്യാറായിരിക്കണം., ICDS സൂപ്പർവൈസർക്ക് Statutory powers, Developmental powers എന്നിവ നൽകി ഉയർത്തി കൊണ്ടുവരുവാനും കഴിയണം.

- Breast Feeding വാരാചണത്തോടനുബന്ധിച്ച് പ്രോഗ്രാം ഓഫീസർമാർക്ക് അതാത് D.D.C കളിൽ ഒരു പ്രസൻന്റേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ ആവശ്യപ്പെട്ട പ്രകാരം അതിന് സെക്രട്ടറി നേരിട്ട് കളക്ടർമാർക്ക് കത്ത് നൽകാമെന്ന് അറിയിച്ചു.
- കോഴികോട് ജില്ലയിലെ മിഠായി തെരുവിൽ breast feeding room ഒരുക്കുന്നതിന് നടപടി സ്വീകരിക്കണം.
- ICDS സേവനങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന Lantern എന്ന കൈപുസ്തകം പ്രിന്റ് ചെയ്ത് അങ്കണവാടികളിൽ ലഭ്യമാക്കുന്നതിന് കോഴിക്കോട് പ്രോഗ്രാം ഓഫീസർക്ക് അനുവാദം നൽകി.
- Breast feeding room ഇതുവരെ തുടങ്ങാത്ത കളകേടറേറ്റുകളിലും പബ്ലിക് ഓഫീസുകളിലും ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ടി വാരാചരണത്തോടനുബന്ധിച്ച് illuminated cubicles breast feeding rooms ആയി സജ്ജമാക്കുവാൻ നിർദേശിച്ചു.
- മലപ്പുറം ജില്ലയിൽ ശൈശവ വിവാഹം കൂടുന്നതായി അറിയുന്നതിനാൽ അത് താരതമ്യേന കറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ

മലപ്പുറം പ്രോഗ്രാം ഓഫീസർ/ശിശു വികസന പദ്ധതി ഓഫീസർമാരോട് സെക്രട്ടറി അറിയിച്ചു.

- പാലക്കാട് **ജില്ലയിൽ** NIPCCD Trainingനായി നിയോഗിച്ചവരെ ടി പരിപാടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒഴവാക്കുവാൻ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചു.
- ഇടുക്കി **ജില്ലയിൽ** മറയൂർ പഞ്ചായത്തിലെ നിലവിലുള്ള വാലായ്മ പുരകൾ പൊളിക്കുന്നതിനുള്ള നിർദേശം ഇടുക്കി പ്രോഗ്രാം ഓഫീസർക്കും, ദേവികുളം അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർക്കും നൽകി. കൂടാതെ മാലാ-ഡി-യുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും, ടി പ്രദേശത്തെ പെൺകുട്ടികൾക്ക് സൗജന്യമായി Napkin വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചു. ഇതിനായി അങ്കണവാടി വർക്കർമാർക്ക് ചെറിയ profit കൂടി ലഭിക്കുന്ന തരത്തിൽ ഇത് വിതരണം നടത്തണമെന്ന് സെക്രട്ടറി നിർദ്ദേശിച്ചു.
- ലോക മുലയൂട്ടൽ വാരാചരണം സംബന്ധിച്ച് (State തലം District തലം) എല്ലാമാധ്യമങ്ങളിലും വീഡിയോ കവറേജ് നൽകുന്നിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറി നിർദ്ദേശിച്ചു.
- പൊതുജന ശ്രദ്ധ പിടിച്ചു പറ്റുന്ന വിധം വളരെ വിപുലീകരിച്ച് ടി പരിപാടി നടത്തുന്നതാണെന്നും, ടി കാര്യാലയത്തിൽ നിന്നും സർക്കുലറിന് പുറമെ അഡീഷണൽ ആയി പരിപാടികൾ സംഘടിപ്പിക്കുന്നതാണെന്നും ടി കാര്യാലയത്തിൽ നിന്നും നൽകുന്ന തുകയ്ക്കു പുറമേ അഡീഷണൽ ആയി പഞ്ചായത്ത്/വ്യക്തികൾ മുഖേന കണ്ടെത്തേണ്ടതാണ്.
- മികച്ച രീതിയിൽ വാരാചരണം സംഘടിപ്പിക്കുന്ന ജില്ലയ്ക്ക് അവാർഡ് നൽകുന്നതാണ്. മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സുവനീർ തയ്യാറാക്കുവാൻ നിർദ്ദേശിച്ചു.

അടുത്ത വീഡിയോ കോൺഫറൻസ് 30-7-18-ന് ഉച്ചക്ക് 2.30-ന് നടത്തുന്നതാണെന്നും ടി വിഷയം സംബന്ധിച്ച് നടപ്പാക്കിയ കാര്യങ്ങൾ അന്നേദിവസം അറിയിക്കേണ്ടതണെന്ന് സെക്രട്ടറി അറിയിച്ചു.

വീഡിയോ കോൺഫറൻസ് 1.15ന് അവസാനിച്ചു.

സ്പെഷ്യൽ സെക്രട്ടറി
വനിതാ ശിശു വികസന വകുപ്പ്

ജികെ/